പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 765      5.6.2018 -ൽ മറുപടിയ്ക്ക്

## വിനോദ സഞ്ചാര മേഖലയുടെ വികസനം

| ചോദ്യം<br>ശ്രീ.എസ്.ശർമ്മ<br>ശ്രീ.കെ.കുഞ്ഞിരാമൻ<br>ശ്രീ. കെ.ഡി. പ്രസേനൻ<br>ശ്രീ. ഐ.ബി. സതീഷ് : | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | വിനോദസഞ്ചാര മേഖലയെ കാര്യക്ഷമവും ചൂഷണരഹിതവുമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | എ) | വിനോദസഞ്ചാര മേഖലയിലെ സുരക്ഷ ശക്തമാക്കുന്നതിന്റെ ഭാഗമായി പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ സിസിടിവി ക്യാമറ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്. കോവളം ടൂറിസം മേഖലയിൽ ആധുനിക നിരീക്ഷണക്യാമറകൾ സ്ഥാപിക്കുന്നതിന് നടപടിയായിട്ടുണ്ട്. കോവളത്ത് പോലീസ് വകുപ്പിന്റെ സഹകരണത്തോടെ ബീച്ചുകളിലും, ഇടവഴികൾ, നടപ്പാതകൾ, റോഡുൾപ്പെടെയുള്ള പ്രദേശങ്ങളെയാണ് സിസിടിവി ക്യാമറകളുടെ നിരീക്ഷണത്തിലാക്കുന്നത്. 34 ഇടങ്ങളിലായി 50 നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള ഈ പദ്ധതിക്ക് 49,19,500/- രൂപയുടെ (നാൽപത്തി ഒൻപത് ലക്ഷത്തി പത്തൊൻപതിനായിരത്തി അഞ്ഞൂറ് രൂപ മാത്രം) അനുമതി വകുപ്പ് നൽകിയിട്ടുണ്ട്. കൂടാതെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള കാര്യം അതാത് പഞ്ചായത്തുകൾ/കോർപ്പറേഷനുകൾ/പോലീസ് വകുപ്പ്/വനം വകുപ്പ് അധികാരികളുമായി ചേർന്ന് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. ടൂറിസം കേന്ദ്രങ്ങളിലെ സുരക്ഷ വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ടൂറിസം വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ 10.5.2018-ൽ ചേർന്ന അടിയന്തിര യോഗത്തിൽ കൈക്കൊണ്ട തീരുമാനമനുസരിച്ച് വിനോദസഞ്ചാര കേന്ദ്രങ്ങളിലെ കച്ചവടക്കാർ, ഗൈഡുകൾ എന്നിവർക്ക് തിരിച്ചറിയൽ രേഖകൾ, യൂണിഫോം മുതലായവ നിർബന്ധമാക്കുന്നതിനായി പോലീസ് |

| | | | |
|---|---|---|---|
| | | | മറ്റ് ഇതര വകുപ്പുകളുമായി ചേർന്ന് അവരുടെ നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് നടപടികൾ കൈക്കൊള്ളുന്നതാണ്. |
| ബി) | പ്രസ്തുത ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിനായി കേരള ടൂറിസം റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്നതിനുള്ള പ്രാഥമിക നടപടി ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | ബി) | കേരള ടൂറിസം റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്നതിനുള്ള പ്രാഥമിക നടപടി സ്വീകരിച്ചിട്ടുണ്ട്. കേരള ടൂറിസം റെഗുലേറ്ററി അതോറിറ്റി രൂപീകരണവുമായി ബന്ധപ്പെട്ട രൂപരേഖ തയ്യാറാക്കുന്നതിന് അഡീഷണൽ ഡയറക്ടർ (ജനറൽ) ടൂറിസം വകുപ്പ് കൺവീനറായും, അഡീഷണൽ സെക്രട്ടറി, ടൂറിസം വകുപ്പ്, അഡീഷണൽ ഡയറക്ടർ (ഹോസ്പിറ്റാലിറ്റി) ടൂറിസം വകുപ്പ്, പ്രിൻസിപ്പൽ കിറ്റ്സ് എന്നിവർ അംഗങ്ങളായും ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ഇതിന്റെ പ്രവർത്തന ചെലവുകൾക്കായി ഒരു ശീർഷകം അനുവദിക്കുന്നതിനായി നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| സി) | ടൂറിസം രംഗത്ത് നൂതന ആശയങ്ങൾ നടപ്പാക്കാനും തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാനുമായി കേരള ടൂറിസം സംരംഭകത്വ ഫണ്ട് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | സി) | ഉണ്ട്. പുതിയ ടൂറിസം നയത്തിൽ വിഭാവനം ചെയ്തതിൻ പ്രകാരം ടൂറിസം സംരംഭകത്വ ഫണ്ട് രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. ഇതിനായി ഒരു ശീർഷകം അനുവദിക്കുന്നതിനായി പ്രാരംഭ നടപടികൾ കൈക്കൊണ്ടു വരുന്നു. |
| ഡി) | പുതുതലമുറ സംരംഭകരെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ടൂറിസം നയത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | ഡി) | പുത്തൻ സംരംഭകർക്കും നിലവിലുള്ള ഇടത്തരം സംരംഭകർക്കും വെഞ്ച്വർ ഫണ്ട് ലഭ്യമാക്കും. മാനേജ്മെന്റ് വിദഗ്ധരുടെ സമിതി സൂക്ഷ്മമായും നിഷ്പക്ഷമായും ഓരോ പദ്ധതിയുടെയും വിജയസാധ്യത വിലയിരുത്തിയ ശേഷമാകും ഫണ്ട് അനുവദിക്കുക. ടൂറിസം രംഗത്ത് പുതിയ ആശയങ്ങളുമായി എത്തുന്നവർക്ക് ഇതിന് അപേക്ഷിക്കാം. സാങ്കേതിക സർവ്വകലാശാലകളിൽ നിന്നും ടൂറിസം വിദ്യാഭ്യാസ കേന്ദ്രങ്ങളിൽ നിന്നും പഠിച്ചിറങ്ങുന്നവർക്ക് സ്വയംസംരംഭകരാകാൻ അവസരം ഒരുങ്ങും. |

സെക്ഷൻ ഓഫീസർ